പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ – 3067 03. 04. 2013- ലെ മറുപടി

സാന്ത്വന പദ്ധതി

ചോദ്യം

ശ്രീമതി കെ. എസ്. സലീഖ

ഉത്തരം

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

(എ)ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ നോർക്ക മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും എന്തു തുക സാന്ത്വന പദ്ധതി പ്രകാരം ചെലവഴിച്ചു; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം നാളിതുവരെയായി നോർക്ക മന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ₹ 1,97,98,000/- തുക 1664 പേർക്ക് ധനസഹായം നൽകുന്നതിനായി ചെലവഴിച്ചു. ജില്ല തിരിച്ചുള്ള ഗുണഭോക്താക്കളുടെ കണക്ക് ചുവടെ ചേർക്കുന്നു.

| ജില്ല | ഗുണഭോഗ്താക്കൾ |
|---|---|
| തിരുവനന്തപുരം | 339 |
| കൊല്ലം | 186 |
| പത്തനംതിട്ട | 25 |
| ആലപ്പുഴ | 97 |
| കോട്ടയം | 26 |
| ഇടുക്കി | 2 |
| എറണാകുളം | 37 |
| തൃശ്ശൂർ | 108 |
| പാലക്കാട് | 68 |
| മലപ്പുറം | 268 |
| കോഴിക്കോട് | 216 |
| വയനാട് | 35 |
| കണ്ണൂർ | 215 |
| കാസർകോട് | 42 |
| ആകെ | 1664 |

(ബി) എപ്രകാരം നാട്ടിൽ വരുന്ന പ്രവാസി മലയാളികൾക്കാണ് സാന്ത്വന പദ്ധതി മുഖേന ധനസഹായം ലഭ്യമാകുന്നത്; വ്യക്തമാക്കുമോ;

(ബി) കുറഞ്ഞത് രണ്ടു വർഷത്തെയെങ്കിലും വിദേശവാസം കഴിഞ്ഞ് സ്ഥിരമായി നാട്ടിൽ തിരികെ യെത്തുന്ന പ്രവാസി മലയാളികൾക്കാണ് സാന്ത്വന പദ്ധതി മുഖേന ധനസഹായം ലഭ്യമാക്കുന്നത്.

(സി)ഏതെല്ലാം ആവശ്യത്തിനാണ് സാന്ത്വനപദ്ധതി മുഖേന ധനസഹായം അനുവദിക്കുന്നത്; വിശദമാക്കുമോ;

(സി) മരണാനന്തര സഹായം, ചികിത്സാസഹായം, വിവാഹധനസഹായം, ക്രച്ചസ് വാങ്ങുന്നതിന് എന്നീ ആവശ്യങ്ങൾക്കാണ് ധനസഹായം ലഭ്യമാക്കുന്നത്.

(ഡി) ജയിലിൽ കഴിയുന്ന പ്രവാസികൾക്ക് നിയമസഹായവും, ധനസഹായവും ലഭ്യമാക്കുന്നതിന് സാന്ത്വന പദ്ധതി മുഖേന നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(ഡി) വിദേശവാസം കഴിഞ്ഞ് സ്ഥിരമായി തിരികെയെത്തിയ പ്രവാസികൾക്ക് ധനസഹായം നൽകുക എന്നതാണ് സാന്ത്വനപദ്ധതിയുടെ ചട്ടക്കൂട്. വിദേശത്ത് ജയിലിൽ കഴിയുന്ന പ്രവാസികൾക്ക് സമഗ്രമായ നിയമസഹായം നൽകി അവരുടെ മോചനം സാദ്ധ്യമാക്കുന്നതിനായി പ്രവാസി ലീഗൽ എയ്ഡ് സെൽ (PLAC) തുടങ്ങുന്ന കാര്യം അന്തിമഘട്ടത്തിലാണ്. ഈ പദ്ധതിയുടെ പ്രാരംഭപ്രവർത്തനങ്ങൾ നടപ്പിൽ വരുത്തുന്നതിനായി ഭരണാനുമതി നൽകി ഇതിനകം തന്നെ ഉത്തരവായിട്ടുണ്ട്.

സെക്ഷൻ ഓഫീസർ